**Athmaraksha.org**

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## ഗാഡ്വെലൂപ്പെ മാതാവിന്റെ മാദ്ധ്യസ്ഥം തേടുക: മെക്സിക്കൻ ബിഷപ്പുമാരോട് ഫ്രാൻസിസ് പാപ്പ



മെക്സിക്കോ: രാജ്യം നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണാൻ ഗാഡ്വെലൂപ്പെ മാതാവിന്റെ മാദ്ധ്യസ്ഥം തേടണമെന്ന് മെക്സിക്കൻ ബിഷപ്പുമാരോട് ഫ്രാൻസിസ് പാപ്പ. ഒത്തൊരുമയിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയും രാജ്യത്തെ പ്രശ്നങ്ങൾക്ക് പരിഹാരം തേടണമെന്ന് അദ്ദേഹം ബിഷപ്പുമാരോട് ആഹ്വാനം ചെയ്തു. മെക്സിക്കൻ സന്ദർശനത്തിന്റെ ഭാഗമായി രാജ്യത്തെ ബിഷപ്പുമാരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

രാജ്യത്ത് അക്രമങ്ങളും അരാജകത്വും വർദ്ധിച്ചുവരികയാണ്. മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരികയാണ്. കുടുംബബന്ധങ്ങൾക്ക് പലരും അർഹിക്കുന്ന പ്രാധാന്യം നൽകുന്നില്ല. കുടുംബബന്ധങ്ങളെയും കൂട്ടായ്മകളെയും ശക്തിപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്നും അദ്ദേഹം ബിഷപ്പുമാരോട് പറഞ്ഞു.

രാജ്യത്തിന്റെ മഹത്തായ പാരമ്പര്യം കാത്തു സൂക്ഷിക്കേണ്ട ഉത്തരവാദിത്വം നിങ്ങൾക്കുണ്ട്. ഐക്യത്തിന്റെ സൂക്ഷിപ്പുകാരായിരിക്കണം ബിഷപ്പുമാരെന്നും മാർപാപ്പ ഓർമ്മിപ്പിച്ചു. അതിർത്തി കടന്നെത്തുന്ന കുടിയേറ്റക്കാരെ സഹോദരങ്ങളെപ്പോലെ സ്വാഗതം ചെയ്യണമെന്നും ഫ്രാൻസിസ് പാപ്പ കൂട്ടിച്ചേർത്തു.

കടപ്പാട് : hrudayavayal.com